AC2 ഭരണ ഭാഷ മാതൃഭാഷ'

DIRECTORATE OF WOMEN AND CHILD DEVELOPMENT DEPARTMENT POOJAPPURA-695 012 24 FEB 2020

004121

**കേരള സർക്കാർ**

നം.1426138/ഐ.എ-ബി2/16/2020-ധന

ധനകാര്യ(ഐ.എ.സി.-ബി) വകുപ്പ്,
തിരുവനന്തപുരം,
ഫോൺ : 0471-2517341
തീയതി: 23.01.2020.

പ്രേഷകൻ

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

27278/19

സ്വീകർത്താവ്

ഡയറക്ടർ,
വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം.

സർ,

വിഷയം :- ധനകാര്യ (ഐ എ സി- ബി) വകുപ്പ് - ആഭ്യന്തര പരിശോധന റിപ്പോർട്ട്— പനമരം അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസിലെ 25.05.2016 മുതൽ 20.12.2018 വരെയുള്ള കാലയളവിലെ ആഭ്യന്തര പരിശോധനാ റിപ്പോർട്ട് - തുടർ നടപടി - സംബന്ധിച്ച്.

സൂചന :- താങ്കളുടെ ഓഫീസിലെ 30.08.2019 ലെ ഡബ്ല്യ സി ഡി- എസി2/27278/19 നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പനമരം അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസിലെ 25.05.2016 മുതൽ 20.12.2018 വരെ കാലയളവിലെ ആഭ്യന്തര പരിശോധനാ റിപ്പോർട്ടിന്മേൽ താഴെ പറയുന്ന വിവരങ്ങൾ 30 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

1. ഓരോ ഖണ്ഡികയിലും പരാമർശിക്കുന്ന അപാകത/ക്രമക്കേടിന് താങ്കളുടെ വിശദീകരണം സഹിതമുള്ള നടപടി റിപ്പോർട്ട്.
2. ഏതെങ്കിലും ഖണ്ഡികയിലെ റിപ്പോർട്ട് 30 ദിവസത്തിനകം സമർപ്പിക്കുവാൻ കഴിയില്ലെങ്കിൽ അതിന്റെ കാരണവും അപാകത പരിഹരിക്കുന്നതിനായി ഇതിനോടകം കൈക്കൊണ്ട നടപടിയും.
3. ആഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെയും പരിശോധന കാലയളവിലെ ഓഫീസ് തലവന്മാരുടെയും പെൻ നമ്പർ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

4. രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ.
5. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയെക്കുറിച്ചോ, വകുപ്പിന്റെ മുൻ ആഭ്യന്തര പരിശോധനയെക്കുറിച്ചോ റിപ്പോർട്ടിൽ പരാമർശമില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
6. ലോഗ് ബുക്ക് പരിശോധിച്ചതായി കാണുന്നില്ല. കരാർ വാഹനമാണെങ്കിലും ലോഗ് ബുക്ക് പരിപാലിക്കേണ്ടതാണ്.
7. വിവിധ അക്കൗണ്ടുകളുടെ പാസ് ബുക്കുകൾ അപ്ഡേറ്റ് ചെയ്ത് പലിശ ഇനത്തിൽ എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്.

കൂടാതെ, സർക്കാരിലേയ്ക്ക് ആഭ്യന്തര പരിശോധന റിപ്പോർട്ട്/ന്യൂനതാ പരിഹാര റിപ്പോർട്ട് സമർപ്പിക്കുമ്പോൾ താഴെ നൽകുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1. ന്യൂനതാ പരിഹാര റിപ്പോർട്ട് സമർപ്പിക്കുമ്പോൾ 19.09.2019 തീയതിയിലെ 79/2019/ധന നമ്പർ പരിപത്രത്തിലെ ഖണ്ഡിക 16 ലെ നിർദ്ദേശങ്ങൾ പാലിച്ച് വകുപ്പ് മേധാവിയുടെ അഭിപ്രായ കുറിപ്പുകൾ സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.
2. ധനകാര്യ വകുപ്പിന്റെ 20.04.2018 ലെ 33/2018/ധന നമ്പർ പരിപത്രത്തിലെ ഖണ്ഡിക 17 പ്രകാരം സാമ്പത്തിക വർഷം കണക്കാക്കിയാണ് ആഭ്യന്തര പരിശോധനാ റിപ്പോർട്ട് തയ്യാറാക്കേണ്ടത്.
3. ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകൾ 2019 സെപ്റ്റംബർ 19 തീയ്യതിയിലെ 79/2019/ധനം എന്ന പരിപത്രത്തിൽ നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കിയാണ് സമർപ്പിക്കേണ്ടത്.
4. ആഭ്യന്തര പരിശോധനാ റിപ്പോർട്ടിലെ ഖണ്ഡികകളുടെ നമ്പർ തന്നെ ന്യൂനതാ പരിഹാര റിപ്പോർട്ടിനും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
**ഷാജുമുദ്ദീൻ.എച്ച്,**
ഡെപ്യൂട്ടി സെക്രട്ടറി,
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

Endt Ac-2/27278/19

പനമരം അഡീ. ICDS പ്രോജക്ടിലെ ആഭ്യന്തര പരിശോധന റിപ്പോർട്ടിൻമേൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാർ കത്ത് ലഭ്യമായിട്ടുണ്ട്. ഇതിലാവശ്യപ്പെട്ടിട്ടുള്ള അധിക വിവരങ്ങളും റിപ്പോർട്ടിൻമേലുള്ള ന്യൂനതാ പരിഹാര റിപ്പോർട്ടും നിശ്ചിത മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

വനിതാ ശിശു വികസന ഓഫീസർ വയനാടിനുവേണ്ടി

പ്രോഗ്രാം ഓഫീസർ
ICDS സെൽ വയനാട്